പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 2977

22-02-2016 ൽ മറുപടിക്ക്

## കൃഷിക്ക് പമ്പിംഗ് സബ്സിഡി

**ചോദ്യം**

**മറുപടി**

ശ്രീ.തോമസ് ചാണ്ടി

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) നെൽകർഷകർക്ക് ഒരു തവണ കൃഷി ചെയ്തില്ലെങ്കിൽ തൊട്ടടുത്ത കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) അതാത് കൃഷിക്ക് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതാണെന്ന് ബഹു. മന്ത്രി ഉറപ്പ് നല്കിയിരുന്നോ; എങ്കിൽ ഉറപ്പ് പാലിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ബി) | 05-08-2015 ൽ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽവച്ച് ആലപ്പുഴ ജില്ലയിലെ റാണി, ചിത്തിര ആർ ബ്ലോക്ക് എന്നീ കായലുകളുടെ നെൽകൃഷി പ്രയോജനകരമായി നടത്തുന്നതിനെ സംബന്ധിച്ച് കൂടിയ യോഗത്തിൽ, അതാത് കൃഷിക്ക് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനുള്ള കാര്യം പരിഗണിക്കും എന്ന് തീരുമാനിച്ചിരുന്നു. ഇത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ